**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1342 — 03.10.2016 ൽ മറുപടിയ്ക്ക്

## ഹരിപ്പാട് കൃഷ്ണകുമാറിന്റെ ആത്മഹത്യക്കിടയാക്കിയ സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഹരിപ്പാട് കാർത്തികപ്പള്ളി മുളമൂട്ടിൽ തെക്കതിൽ കൃഷ്ണകുമാർ ആത്മഹത്യ ചെയ്യാനിടയാക്കിയ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ക്രൈം നമ്പർ എത്രയാണ് ; | (എ) തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 984/2016 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ആത്മഹത്യാക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതുപ്രകാരം ആത്മഹത്യ ചെയ്യാനിടയാക്കിയ കാരണം വ്യക്തമാക്കുമോ ; | (ബി) ലഭിച്ചിട്ടുണ്ട്. ആത്മഹത്യാക്കുറിപ്പിൽ, മരിച്ച കൃഷ്ണകുമാറിന്റെ വീടിന്റെ തെക്കുമാറി താമസിച്ചുവരുന്ന ഉണ്ണിയും (ജിതിൻ), തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷൻ അഡീഷണൽ സബ് ഇൻസ്പെക്ടർ ശ്രീ. വിജയകുമാറുമാണ് മരണത്തിന് ഉത്തരവാദിയെന്നും, തന്റെ മരുമകളെ ഉണ്ണിയെന്ന ജിതിൻ ഫോണിലൂടെ ശല്യം ചെയ്യുന്നുവെന്ന് കാണിച്ച് തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ തന്റെ ഭാര്യ സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തിയില്ല എന്നത് കാരണമായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) ആത്മഹത്യയ്ക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവാദികൾക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റത്തിനും കൃത്യവിലോപത്തിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമോ ? | (സി) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ആത്മഹത്യാ പ്രേരണാകുറ്റം ചുമത്തുന്നതിന് ആവശ്യമായ തെളിവുകൾ ലഭിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ